# ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്

ആറ്റുകാൽ, തിരുവനന്തപുരം-9.

നമ്പർ: ഇ5/എബിറ്റിറ്റി/50/2022/2996 തീയതി : 21.10.2024

## ക്വട്ടേഷൻ പരസ്യം

ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ് സെക്രട്ടറി താഴെ പറയുന്ന പ്രവൃത്തിക്ക് മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

"മണക്കാട് ശാസ്താ ക്ഷേത്രത്തിന്റെ എതിർവശത്തുള്ള ആറ്റുകാൽ ക്ഷേത്ര ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള പഴയ കോൺക്രീറ്റ് ഇരുനില കെട്ടിടം (റ്റി.സി.നമ്പർ.72/1036) പൂർണ്ണമായും ഇടിച്ചു മാറ്റി, തറ ലെവൽ ചെയ്ത് ഉപയോഗ പ്രദമായ സാധനങ്ങൾ കരാറുകാരൻ എടുത്ത ശേഷം ബാക്കി കെട്ടിട അവശിഷ്ടങ്ങൾ പൂർണ്ണമായും ക്ഷേത്രത്തിന് മുൻവശത്തുള്ള, ട്രസ്റ്റ് നിർദ്ദേശിക്കുന്ന സ്ഥലത്ത് വാഹനത്തിൽ എത്തിച്ചു നിക്ഷേപിക്കുന്ന ജോലി."

**നിബന്ധനകൾ**

1. പൊളിച്ചു മാറ്റുന്ന കെട്ടിടത്തിലെ ഉപയോഗപ്രദമായ സാധനങ്ങൾ കരാറുകാരന് കൊണ്ടുപോകാവുന്നതും ആയതിന്റെ വിലയായി എത്ര തുക ട്രസ്റ്റിൽ ഒടുക്കുന്നു എന്ന് ക്വട്ടേഷനിൽ വ്യക്തമായി കാണിച്ചിരിക്കണം.
2. കെട്ടിട അവശിഷ്ടങ്ങൾ ട്രസ്റ്റ് വക ക്ഷേത്രത്തിന് മുൻവശത്തുള്ള പുരയിടങ്ങളിൽ ടിപ്പറിൽ (200 ക്യുബിക്കടി ഉൾക്കൊള്ളുന്ന ടിപ്പർ) കയറ്റി കൊണ്ടു വന്ന് നിക്ഷേപിക്കുന്നതിന് ലോഡ് ഒന്നിന് എത്ര രൂപ ട്രസ്റ്റ് നൽകേണ്ടി വരുമെന്ന് ക്വട്ടേഷനിൽ വ്യക്തമായി കാണിച്ചിരിക്കണം. നിയമപ്രകാരമുള്ള എല്ലാ നടപടികളും കരാറുകാരൻ തന്നെ ഏറ്റെടുക്കേണ്ടതാണ്.
3. കെട്ടിടം പൊളിച്ചു മാറ്റുമ്പോൾ അടുത്തുള്ള കെട്ടിടത്തിന് യാതൊരു വിധ തകരാറും സംഭവിക്കാൻ പാടില്ലാത്തതാണ്. കെട്ടിടത്തിന്റെ എല്ലാ വശങ്ങളിലും മറ കെട്ടിവച്ചതിന് ശേഷമേ ജോലികൾ ആരംഭിക്കാൻ പാടുള്ളൂ. കെട്ടിടം ഇടിച്ചു മാറ്റുമ്പോൾ അടുത്ത വീട്ടിനോ, ആൾക്കാർക്കോ എന്തെങ്കിലും കഷ്ടനഷ്ടങ്ങൾ സംഭവിക്കുകയാണെങ്കിൽ ആയതിന് കരാറുകാരൻ പൂർണ്ണ ഉത്തരവാദിയാകുന്നതാണ്.
4. പൊളിച്ചു മാറ്റുന്ന ഉപയോഗപ്രദമായ സാധനങ്ങളും, വേസ്റ്റുകളും ഉടനെ അവിടെ നിന്നും മാറ്റി സ്ഥലം വൃത്തിയാക്കി തരേണ്ടതാണ്.
5. പൊളിച്ചു മാറ്റുന്ന സമയത്ത് ജോലിക്കാരുടെയും, മറ്റ് ആൾക്കാരുടേയും സുരക്ഷ ഉറപ്പുവരുത്തേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്വമാണ്.
6. കരാർ ഏറ്റെടുത്ത് എഗ്രിമെന്റ് വയ്ക്കുന്ന തീയതി മുതൽ 7 ദിവസത്തിനകം പണികൾ പൂർത്തിയാക്കേണ്ടതാണ്.

ക്വട്ടേഷനുകൾ വെള്ള പേപ്പറിലോ, ലെറ്റർപാഡിലോ എഴുതി മുദ്രവച്ച് **25.10.2024 വൈകുന്നേരം 3.00 മണിക്ക് മുൻപായി** ട്രസ്റ്റാഫീസിൽ ലഭിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം വൈകുന്നേരം **4.00 മണിക്ക്** സന്നിഹിതരായിരിക്കുന്ന കരാറുകാരുടെ സാന്നിദ്ധ്യത്തിൽ പൊട്ടിക്കുന്നതുമാണ്. ക്വട്ടേഷനെക്കുറിച്ചുള്ള എല്ലാ ട്രസ്റ്റ് നിയമങ്ങളും ഈ ക്വട്ടേഷനും ബാധകമാണ്.

ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റിനു വേണ്ടി,

സെക്രട്ടറി

നോട്ടീസ് ബോർഡ്:- 1. ക്ഷേത്രം.
2. ആഫീസ്, വെബ്സൈറ്റ്

പകർപ്പ്:-
1. ചെയർമാൻ, എ.ബി.റ്റി.റ്റി.
2. പ്രസിഡന്റ്, എ.ബി.റ്റി.റ്റി.
3. കൺവീനർ, വർക്സ് കമ്മിറ്റി, എബിറ്റിറ്റി.
4. എഞ്ചിനീയറിംഗ് സെക്ഷൻ, എബിറ്റിറ്റി.
5. ഫയൽ.